# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി7-1591/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 10/02/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി7-1591/2021 തീയ്യതി: 10/02/2022

## കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാധാകൃഷ്ണൻ എം. എൻ. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 24-11-2021 | 07-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-11-2021 | 07-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ., ഓഡിറ്റ് ഓഫീസർ
ശ്രീ ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ബിനീത് രാജൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജയ്സൺ ജോർജ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി ഉഷ രാജു | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ മനോജ് കെ. | സെക്രട്ടറി | 01-04-2020 | 17-06-2020 |
| ശ്രീ സനൽകുമാർ എ. | സെക്രട്ടറി | 06-08-2020 | 09-10-2020 |
| ശ്രീ അനിൽകുമാർ ഡി. | സെക്രട്ടറി | 15-10-2020 | 31-03-2021 |
| ശ്രീ പോൾ ബേബി സാമുവൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-06-2020 | 05-08-2020 |
| | | 10-10-2020 | 14-10-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജ്മൽ പി. എം. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സുനിൽ വി. ബി. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. യശോധരൻ ഗോപാലൻ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 01-04-2020 | 31-01-2021 |
| ഡോ. വിജിഷ വിജയൻ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 01-02-2021 | 06-02-2021 |
| ഡോ. വിവേക് മാത്യൂ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 07-02-2021 | 31-03-2021 |
| ഡോ. അനു ജോർജ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| സുനിത്ത് ഗോപാലകൃഷ്ണൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കൊല്ലപ്പള്ളി) | 01-04-2020 | 08-10-2020 |
| സുധീപ് റ്റി. ജി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കൊല്ലപ്പള്ളി) | 20-10-2020 | 31-03-2021 |
| സുഷ ഹരി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(നീലൂർ-കുറുമണ്ണ്) | 01-04-2020 | 31-03-2021 |
| ഗീതാംബിക എ. എൻ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-05-2020 |

| | | | |
|---|---|---|---|
| ശശികല | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-06-2020 | 20-11-2020 |
| മെറീന തോമസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 21-11-2020 | 31-03-2021 |
| സുജാത വി. ബി. | ഹെഡ്മിസ്ട്രസ്- ഗവ. എൽ.പി.എസ്. കടനാട് | 01-04-2020 | 31-03-2021 |
| ഗ്രീഷ്മ ജി. | അസിസ്റ്റന്റ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി.) | 01-04-2020 | 12-07-2020 |
| ധനലക്ഷ്മി എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി.) | 13-07-2020 | 31-03-2021 |
| ലിബീഷ് മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ബിനോയി പി. റ്റി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 17-06-2020 |
| പോൾ ബേബി സാമുവൽ | അസിസ്റ്റന്റ് സെക്രട്ടറി | 18-06-2020 | 31-03-2021 |
| ബ്ലസി ജോഷി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

12/11/2020 മുതൽ 20/12/2020 വരെ പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൽ ആയിരുന്നു.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 30-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 30-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 29-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം<br>Written By: A Indulekha (Audit Officer, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-02-2022) | 1-5 |
| 6 | ദേശീയതൊഴിലുറപ്പ് പദ്ധതി<br>Written By: A Indulekha (Audit Officer, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-02-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമപദ്ധതികൾ<br>Written By: Bineeth Rajan (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-02-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Bineeth Rajan (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: A Indulekha (Audit Officer, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 30-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-10 |
| 11 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു-എ.സി.ആർ. സൂക്ഷിച്ചിട്ടില്ല<br>Written By: Sivaraj P (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-11 |
| 12 | ക്ലോസ് ചെയ്ത അക്കൗണ്ടിൽ തുക അവശേഷിക്കുന്നു<br>Written By: Bineeth Rajan (Auditor, On 06-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-12 |
| 13 | നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല<br>Written By: Bineeth Rajan (Auditor, On 06-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-13 |
| 14 | വസ്തുനികുതി നിർണ്ണയം -ഒറ്റത്തവണ കെട്ടിടനികുതി<br>Written By: Sivaraj P (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-14 |
| 15 | വസ്തുനികുതി -കുടിശിക നിലനിൽക്കുന്നു<br>Written By: Sivaraj P (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-15 |
| 16 | തൊഴിൽ നികുതി-പൊതു അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-16 |
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല | 1-17 |

| | | |
|---|---|---|
| | Written By: Sivaraj P (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | |
| 18 | സ്ഥാപന തൊഴിൽ നികുതി ഡിമാന്റിൽ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-18 |
| 19 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Bineeth Rajan (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-19 |
| 20 | വാടക പിരിവ് പൂർണ്ണമല്ല<br>Written By: Bineeth Rajan (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-02-2022) | 1-20 |
| 21 | പെർമിറ്റ് അപേക്ഷമേൽ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല<br>Written By: Bineeth Rajan (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-02-2022) | 1-21 |
| 22 | ക്ഷേമപെൻഷൻ പെൻഷണറുടെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുതിരിക്കുന്നു<br>Written By: Bineeth Rajan (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-22 |
| 23 | സർവ്വീസ് പെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയിരിക്കുന്നു<br>Written By: Bineeth Rajan (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-02-2022) | 1-23 |
| 24 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: A Indulekha (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-24 |
| 25 | പുഴ,പുറമ്പോക്ക് സംബന്ധിച്ച രേഖകൾ തയ്യാറാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-25 |
| 26 | വിവിധ വാർഡുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ-തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-26 |
| 27 | കമ്പ്യൂട്ടർ ഹാർഡ് വെയർ,സോഫ്റ്റ് വെയർ - പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല<br>Written By: A Indulekha (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-27 |
| 28 | കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് സേവന പുസ്തകം പരിപാലിക്കാതെ ആർജിതാവധി അനുവദിച്ചു<br>Written By: A Indulekha (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-28 |
| 29 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല - വൈദ്യുതി ചാർജിനത്തിൽ അധിക ചെലവുണ്ടാകുന്നു<br>Written By: A Indulekha (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-29 |
| 30 | ഹരിത കർമ്മസേനയുടെ പ്രവർത്തനം-യൂസർഫീ കളക്ഷൻ കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതാണ്<br>Written By: Shanti George (Asst. Audit Officer, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-02-2022) | 1-30 |

| | | |
|---|---|---|
| 31 | ഹരിത കർമ്മസേനയുടെപ്രവർത്തനവും അജൈവ മാലിന്യ ശേഖരണവും-തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-31 |
| 32 | കമ്മീഷൻ ചെയ്ത കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃ സംഘങ്ങൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-02-2022) | 1-32 |
| 33 | ഐക്കൊമ്പ് എൽപി സ്കൂൾ പുതിയ ക്ളാസ്റൂം നിർമ്മാണം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസ്സം<br>Written By: Shanti George (Asst. Audit Officer, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-02-2022) | 1-33 |
| 34 | അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച<br>Written By: Shanti George (Asst. Audit Officer, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-34 |
| 35 | വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതിയിൽ അപാകങ്ങൾ<br>Written By: Shanti George (Asst. Audit Officer, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-02-2022) | 1-35 |
| 36 | അടുക്കളമുറ്റത്തെ കോഴി വളർത്തൽ- ധനവിനിയോഗം, വിതരണ വിവരം എന്നിവ ലഭ്യമാക്കാത്തത് -ചെലവ് തടസ്സം<br>Written By: Shanti George (Asst. Audit Officer, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-02-2022) | 1-36 |
| 37 | പഠനോപകരണങ്ങൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു<br>Written By: Sivaraj P (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-37 |
| 38 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-02-2022) | 1-38 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 05-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 05-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 05-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 05-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 05-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 05-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 05-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 05-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 05-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 05-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 01-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 29/01/2020 തീയതിയിലെ 4(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 10,703,252/- | 15,787,514/- |
| വരവ് | 116,150,260/- | 63,149,190/- |
| ആകെ | 126,853,512/- | 78,936,704/- |
| ചെലവ് | 116,142,000/- | 61,814,614/- |
| നീക്കിയിരിപ്പ് | 10,711,511/- | 17,122,090/- |

ബജറ്റ് പ്രകാരം 11.62 കോടി രൂപയുടെ പ്രതീക്ഷിത വരവും 11.61 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 12.81 കോടി രൂപയും ചെലവ് 13.2 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

കടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 128,104,885/- രൂപയും ചെലവ് 132,039,283/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 3,934,398/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 63,745,682/- രൂപയും ബാധ്യതകളുടെ മൂല്യം 55,233,523/- രൂപയും ജനറൽ ഫണ്ട് 8,512,159/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2.പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി എ.സി.ആർ. പ്രകാരം ആധികാരികമാക്കേണ്ടതായിരുന്നു.

3.സാമൂഹ്യ ക്ഷേമ പെൻഷൻ തൊഴിൽ രഹിതവേതനമിനത്തിൽ ലഭിച്ചതും വിതരണം ചെയ്തതുമായ തുക(പെൻഷൻ രജിസ്റ്റർ പ്രകാരം) അക്കൌണ്ട് ചെയ്യപ്പെട്ടിട്ടില്ല.

4.EMS ഭവന പദ്ധതി വായ്പ തിരിച്ചടയ്ക്കാനുള്ള ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് 174,973/- രൂപ വായ്പ അക്കൗണ്ട് മുൻവർഷങ്ങളിൽ ക്ലോസ് ചെയ്ത ശേഷവും നിലനിൽക്കുന്നു.

5.KURDFC ലോൺ തുകയിൽ 30/- രൂപ ജേർണൽ വൗച്ചർ പ്രകാരം Prior Period- Programme Expense ആയി ക്രമീകരിച്ചിരിക്കുന്നു. ആയതിനാൽ ലോൺ ബാലൻസിൽ 30/- രൂപയുടെ വ്യത്യാസം കാണുന്നു.

6.സംയുക്ത പ്രോജക്ടിനായി ജില്ലാ-ബ്ലോക്ക് വിഹിതം തൻവർഷം ലഭിച്ചതിന്റെ വിനിയോഗം രേഖപ്പെടുത്തി എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.

7.സംയുക്ത പ്രോജക്ടിനായി ജില്ലാ-ബ്ലോക്ക് വിഹിതം മുൻവർഷങ്ങളിൽ ലഭിച്ച 574,423/- രൂപ 2020-21

സാമ്പത്തിക വർഷം മുന്നിരിപ്പുണ്ടായിരുന്നത് തൻവർഷം ചെലവഴിക്കാതെ 31/03/2021 ലെ ബാലൻസ് ഷീറ്റിലും അവശേഷിക്കുന്നു. സംയുക്ത പ്രോജക്റ്റ് ഫണ്ടിന് എ.സി.ആർ. ഇല്ലാത്തതിനാൽ ടി ഫണ്ട് ഏതെല്ലാം പ്രോജക്ടുകൾക്ക് ഏത് സാമ്പത്തിക വർഷം ലഭിച്ചതാണ് എന്നത് വ്യക്തമല്ല.

8.പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

9.സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

10.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം I-17(a) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.

11.ട്രേഡർ-സ്ഥാപന തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ അക്രൂവൽ വരവിനങ്ങളുടെ ഡിമാന്റ് കൃത്യമായി കണക്കാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകളിലെ കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

12.31/03/2021 ബാലൻസ് ഷീറ്റിലെ വാടക കുടിശിക 25,673/- രൂപ ഒടുക്കാനുള്ളതായി കാണുന്നു. എന്നാൽ അരിയർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

13.31/03/2021 ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം വാടക നിക്ഷേപം(Rent Deposit) പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നില്ല. എന്നാൽ 2020-21 വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം പല കുത്തകക്കാരും വാടക നിക്ഷേപം ഒടുക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കണക്കുകളിലെ അപാകത വിശദീകരിക്കപ്പെട്ടിട്ടില്ല.

14.2020-21 വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനും ആസ്തിയായി 410300101-Roads-Cement Concrete ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷ റോഡ് ആസ്തികൾ 31/03/2021 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

15.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

16.പഞ്ചായത്ത് 2020-21 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി., ഭൂജല വകുപ്പ് എന്നീ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ തുകകൾ 31/03/2021 ലെ ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

17.I-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല.

18.വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമല്ല.

19.സ്ഥിരനിക്ഷേപ തുകയിൽ 2020-21 വർഷം 38,898/- രൂപ പലിശയിനത്തിൽ ലഭിച്ചത് മുതലിൽ ചേർത്തത് സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ 31/03/2021-ലെ ബാലൻസ് ഷീറ്റിൽ സ്ഥിരനിക്ഷേപ ശീർഷകത്തിൽ(420800101) ടി തുകയുടെ കുറവ് കാണുന്നു.

20.ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് 31/03/2021 ബാലൻസ് ഷീറ്റ് പ്രകാരം 1,268,886/- രൂപ നിലനിൽക്കുന്നത് ഏതെല്ലാം പ്രോജക്റ്റ് പാർട്ട് ബില്ലുകളാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

21.KURDFC വായ്പാതുകയും Prepaid Programme Expenses തുകയും തമ്മിൽ 25027/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 15,787,514/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63,149,190/- |
| ആകെ | 78,936,704/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61,814,614/- |
| നീക്കിയിരിപ്പ് | 17,122,090/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2479801/- |

## 1-4 ഫണ്ട് വിനിയോഗം

കടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12,726,000/- | 12,726,000/- | 12,320,526/- | 405,474/- | 96.81 |
| വികസന ഫണ്ട്- എസ്.സി.പി. | 0 | 2,397,487/- | 2,397,487/- | 2,097,682/- | 299,805/- | 87.50 |
| വികസന ഫണ്ട്- ടി.എസ്.പി. | 0 | 428,655/- | 428,655/- | 397,667/- | 30,988/- | 92.77 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 4,960,000/- | 4,960,000/- | 2,166,498/- | 2,793,502/- | 43.68 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 9,182,022/- | 9,182,022/- | 7,212,977/- | 1,969,045/- | 78.56 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 6,353,000/- | 6,353,000/- | 6,248,830/- | 104,170/- | 98.36 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 3,624,000/- | 3,624,000/- | 2,445,143/- | 1,178,857/- | 67.47 |
| SGSY ഫണ്ട് | 631,772/- | 0 | 631,772/- | 0 | 631772/- | - |
| സമ്പൂർണ്ണ ശുചിത്വ പരിപാടി | 921,145/- | 0 | 921,145/- | 280,099/- | 641046/- | - |
| ICDS ഫണ്ട് | 1,162,593/- | 526,497/- | 1,689,090/- | 1,186,177/- | 502,913/- | - |
| ലൈബ്രറി | 309/- | 16,480/- | 16,789/- | 0 | 16,789/- | - |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് | | | | | | |
| സാക്ഷരത ഗ്രാന്റ് | 7,273/- | 291/- | 7,564/- | 12/- | 7,552/- | - |
| കുടിവെള്ള ഗ്രാന്റ് | 0 | 6,318,258/- | 6,318,258/- | 4,720,705/- | 1,597,553/- | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 1,653,210/- | 1,653,210/- | 1,113,695/- | 539,515/- | - |
| ജലനിധി ഫണ്ട് | 339,124/- | 9,318/- | 348,442/- | 0 | 348,442/- | - |
| പകർച്ചവ്യാധി നിയന്ത്രണം | 0 | 500,000/- | 500,000/- | 500,000/- | 0 | - |
| സമ്പൂർണ്ണ ശുചിത്വ ഫണ്ട് | 0 | 140,000/- | 140,000/- | 140,000/- | 0 | - |
| ലൈഫ് സർക്കാർ ഫണ്ട് | 318,261/- | 1,000,947/- | 1,319,208/- | 955,472/- | 363,736/- | - |
| പാൻഡമിക് സംഭാവന | 0 | 13,000/- | 13,000/- | 13,000/- | 0 | - |

25/03/2021 ലെ സ.ഉ.(സാധാ) നം.2904/2021/ധന പ്രകാരം വികസനഫണ്ട് 90 ശതമാനത്തിലധിക ചെലവഴിച്ചതിന് അധിക ഗ്രാന്റ് തുകയായി പൊതുവിഭാഗത്തിൽ 14.14 ലക്ഷം രൂപയും പട്ടികവർഗ്ഗ(TSP) ഫണ്ടിൽ 45,500/- രൂപയും ബഡ്ജറ്റിൽ അധികരിച്ച് അലോട്ട്മെന്റ് ലഭിച്ചു. 29/03/2021 ലെ സ.ഉ.(സാധാ) നം.3099/2021/ധന പ്രകാരം വികസനഫണ്ട് പട്ടികജാതി(SCP) ഫണ്ടിൽ 485,487/- രൂപയും പട്ടികവർഗ്ഗ(TSP) ഫണ്ടിൽ 19,155/- രൂപയും ബഡ്ജറ്റിൽ അധികരിച്ച് അലോട്ട്മെന്റ് ലഭിച്ചു. 18/02/2021 ലെ G.O.(Rt) No.1512/2021/Fin പ്രകാരം 2019-20 വർഷം ലാപ്പായ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയിൽ 4,222,022/- രൂപ അധിക അലോട്ട്മെന്റായി ലഭിച്ചു. വികസന ഫണ്ട്,ധനകാര്യ കമ്മീഷൻ ഗ്രാന്റ് അധിക അലോട്ട്മെന്റ് ലഭിച്ചതിന്റെയും വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ അലോട്ട്മെന്റിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുകകളുടെയും കണക്കുകളുടെ വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ്-ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക G.O. Project | ആകെ അറ്റ അലോട്ട്മെന്റ് ACR |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 11,312,000/- | 1,414,000/- | 12,726,000/- | 228/21-306,600/-<br>229/21-306,600/-<br>259/20-306,600/-<br>231/21-263,294/-<br>234/21-263,294/-<br>1,446,388/- | 11,279,612/- |
| വികസന ഫണ്ട്-SCSP | 1,912,000/- | 485,487/- | 2,397,487/- | 232/21-21,941/-<br>235/21-21,941/-<br>43,882/- | 2,353,605/- |
| വികസന ഫണ്ട്-TSP | 364,000/- | 45,500/-<br>19,155/- | 428,655/- | 233/21-14,627/-<br>236/20-14,628/-<br>29,255/- | 399,400/- |
| ധനകാര്യ കമ്മീഷൻഗ്രാന്റ്-Tied | 4,960,000/- | ഇല്ല | 4,960,000/- | ഇല്ല | 4,960,000/- |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻഗ്രാന്റ്- Untied | 4,960,000/- | 4,222,022/- | 9,182,022/- | ഇല്ല | 9,182,022/- |
| സംരക്ഷണ ഗ്രാന്റ്-Road | 6,353,000/- | ഇല്ല | 6,353,000/- | ഇല്ല | 6,353,000/- |
| സംരക്ഷണ ഗ്രാന്റ്- Non Road | 3,624,000/- | ഇല്ല | 3,624,000/- | Voting Machine 36,654/- | 3,587,346/- |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലയും ജി.ഓ. പ്രോജക്ടുകൾ ക്രമീകരിച്ചതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

- 03/08/2020 ലെ സ.ഉ.(സാധാ) നം.4444/2020/ധന പ്രകാരം സംരക്ഷണ ഗ്രാന്റ്-Non Road രണ്ടാം ഗഡു 1,208,000/- രൂപയിൽ വോട്ടിങ്ങ് മെഷീൻ ചാർജ് ഇനത്തിൽ 36,654/- രൂപ സ്രോതസ്സിൽ കുറവ് ചെയ്ത് അറ്റ തുക 1,171,346/- രൂപയാണ് ലഭിച്ചത്. ടി തുക ജി.ഓ. പ്രോജക്ടായി ക്രമീകരിക്കാതിരുന്നതിനാൽ പ്രസ്തുത ചെലവ് ഗ്രാന്റ് പത്രികയിലും ചെലവ് പത്രികയിലും ധനകാര്യ പത്രികയിലും(I&E പത്രിക) പ്രതിഫലിച്ചിട്ടില്ല. ഗ്രാന്റ് പത്രികയിലെ നീക്കിയിരിപ്പിലും 36,654/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
- ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം അക്കൗണ്ട് ചെയ്യുന്നതിന് എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ധനകാര്യ പത്രിക പ്രകാരം ചേർത്ത മേൽ പട്ടികയിലെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയ കണക്കുകളുടെ കൃത്യത വ്യക്തമല്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയത്തിന്റെ കൃത്യത വ്യക്തമാക്കുന്ന 2019-20 ലെ വരവ്-ചെലവ്-തിരിച്ചടവ് കണക്കുകൾ, വിശദാംശങ്ങൾ, ഇടപാടുകളുടെ വാർഷിക സംക്ഷിപ്തം എന്നിവ ഉൾപ്പെടുത്തി ഓരോ ശീർഷകത്തിന്റെയും എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ കണക്കിൽ മേൽവിവരിച്ച വ്യത്യാസങ്ങൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 11.01.2020ൽ നടക്കുകയുണ്ടായി . പദ്ധതിരൂപീകരണ ഗ്രാമ സഭകൾ-5.01.2020 നടത്തിയിരുന്നു 26.01.2020ൽ ഭരണസമിതി അംഗീകരിച്ച പ്രസ്തുത പ്രോജക്ടുകൾ16.03.2020ലെ 2707/18 /DCP/DPOനമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും ചെയ്തു.അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 189 | 151 | 63157371 | 38065946 | 60 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 7 | 764041 | 759032 | 99 |
| 2 | വെറ്ററിനറി സർജൻ | 8 | 8 | 4819685 | 3153425 | 65 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 4 | 4 | 1536912 | 1431921 | 93 |
| 4 | മെഡി.ഓഫീസർ, ആയുർവേദ | 2 | 2 | 300000 | 300000 | 100 |
| 5 | വി.ഇ.ഒ-1 | 12 | 11 | 16975420 | 7533862 | 44 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 5 | 4 | 3554860 | 3234575 | 91 |
| 7 | സെക്രട്ടറി | 35 | 22 | 9197503 | 4872672 | 53 |
| 8 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 2 | 1782000 | 152007 | 85 |
| 9 | അസി.എൻജിനീയർ | 104 | 83 | 22502740 | 15376666 | 70 |
| 10 | ക്ഷീരവികസന ഓഫീസർ | 1 | 1 | 350000 | 250000 | 72 |
| 11 | അസി.സെക്രട്ടറി | 5 | 5 | 937250 | 679547 | 73 |
| 12 | ഹെഡ്മാസ്റ്റർ | 3 | 2 | 436960 | 322239 | 74 |
| | ആകെ | 189 | 151 | 63157371 | 38065946 | 60 |

ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തിയതായി കാണുന്നു. ഉദ്പാദനമേഖലയിൽ ഏറ്റവും കൂടുതൽ വിസ്തൃതിയിൽ തരിശുഭൂമി കൃഷിയോഗ്യമാക്കിട്ടുണ്ട്. ലൈഫ് ഭവനനിർമ്മാണപദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്കണവാടികളുടെയും എൽ പി സ്കൂളുകളുടെയും മെയിന്റനൻസ് നടത്തുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ആശുപത്രികളിലേയ്ക്ക് മരുന്നുകൾ/അവശ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഹരിതകർമ്മസേന മുഖാന്തിരം വീടുകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും അംഗങ്ങൾക്ക് പ്രതിഫലം നല്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളിൽ നിന്നും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ഈടാക്കിവരുന്നു.

വിവിധ നിർവഹണോദ്യോഗസ്ഥർ മുഖാന്തിരം നടപ്പാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

അംഗീകാരം കിട്ടിയ189പ്രോജക്ടുകളിൽ 151എണ്ണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. വകയിരുത്തിയ ആകെ തുകയുടെ 60ശതമാനമാണ് ചെലവ്. നൂതന പ്രോജക്ടുകളൊന്നും തന്നെ ഏറ്റെടുക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. ലൈഫ് ഭവനപദ്ധതിയാണ് തൻവർഷം ഏറ്റെടുത്ത ഏറ്റവും ബൃഹത്തായത്. എന്നാൽ ഭവനത്തിനായി തെരഞ്ഞെടുക്കപ്പെട്ട് കരാർ വച്ച ഗുണഭോക്താക്കളുടെയും നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലായി തുക കൈപ്പറ്റിയതിന്റെയുമുൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികൾ

റോഡ് കോൺക്രീറ്റിംഗ്, റോഡ് ടാറിംഗ്, സ്കൂളുകളുടെയും അങ്കണവാടികളുടെയും അറ്റകുറ്റപ്പണികൾ,തുടങ്ങിയവയാണ് അസി.എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ പ്രധാനമായവ. റോഡ് പ്രവൃത്തികളിൽ കണക്ടിവിറ്റി മാപ്പ് തയാറാക്കണമെന്ന് വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും തയാറാക്കിയിട്ടില്ല. പശ്ചാത്തലമേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച

പ്രോജക്ടുകളിൽ നിർമ്മാണ പ്രോജക്ടായ പലതും തൻവർഷം പൂർത്തീകരിച്ചില്ല. ആകെ അംഗീകാരം ലഭിച്ച 104 പ്രോജക്ടുകളിൽ 46 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. അതായത് 21 എണ്ണം നടപ്പാക്കിയില്ല. ഇതിൽ നിന്ന് പഞ്ചായത്തിന്റെ ലഭ്യമായ ഉദ്യോഗസ്ഥശേഷിക്ക് സാധിക്കുന്നതിനപ്പുറമാണ് ഓരോ വർഷവും അംഗീകാരം വാങ്ങുന്ന പ്രോജക്ടുകളുടെ എണ്ണമെന്നാണ് വ്യക്തമാകുന്നത്. ഇപ്രകാരം നിരവധി പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം, ഫലപ്രാപ്തി, കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത, തുടർപുരോഗതിയെ എപ്രകാരം സഹായിക്കുന്നു എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽമാനദണ്ഡമാക്കേണ്ടത്.എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

ടെണ്ടർ നടപടികളിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നില്ല

തൻവർഷം ടെണ്ടർ ചെയ്ത83പ്രവൃത്തികളിൽ16എണ്ണം ഒഴികെ ബാക്കിയുള്ളവയ്ക്ക്2 കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിരിക്കുന്നത്. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സമയോചിത ഇടപെടൽ നടത്തേണ്ടതാണ്.

പ്രോജക്ടുകളുടെ ഫലപ്രാപ്തി,പൂർത്തീകരണം,നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്.നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ,രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല.ഭരണസമിതി,സ്റ്റാന്റിംഗ് കമ്മിറ്റികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

1-5എ വിനിയോഗലക്ഷ്യം കൈവരിച്ചില്ല 67.8 ലക്ഷം രൂപ നഷ്ടപ്പെട്ടു

ഓഡിറ്റ് വർഷം സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ നഷ്ടമായ സർക്കാർ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 12,726,000/- | 12,320,526/- | 405,474/- |
| വികസന ഫണ്ട്-എസ്.സി.പി. | 2,397,487/- | 2,097,682/- | 299,805/- |
| വികസന ഫണ്ട്-ടി.എസ്.പി. | 428,655/- | 397,667/- | 30,988/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 4,960,000/- | 2,166,498/- | 2,793,502/- |
| ധനകാര്യ കമ്മീഷൻഗ്രാന്റ്(Untied) | 9,182,022/- | 7,212,977/- | 1,969,045/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 6,353,000/- | 6,248,830/- | 104,170/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 3,624,000/- | 2,445,143/- | 1,178,857/- |
| | | | ആകെ 67,81,841 |

പ്രവൃത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും സർക്കാർ ഫണ്ട് നഷ്ടപ്പെടാൻ പ്രധാന കാരണമാണ്. സി. എഫ് .സി ഉപാധിപ്രകാരമുള്ള ഫണ്ട് ചെലവ്

നാമമാത്രമായിരുന്നു. തൻവർഷത്തേയ്ക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ആകെ പദ്ധതി വിഹിതത്തിന് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ (സ്പിൽ ഓവർ ഉൾപ്പെടെ), അതല്ലെങ്കിൽ സ്പിൽഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാദ്ധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ 67.8ലക്ഷംരൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്. ഇതിൽ തിരികെ ലഭിക്കാൻ അർഹതയുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 ദേശീയതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം 246പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ്പ്രകാരം740പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 728പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ711പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 73694തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 1231കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി,തോട് ആഴം കൂട്ടൽ, വർക്ക്ഷെഡ്,മഴക്കുഴി,പട്ടതാക്കുളം തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ ,തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കാഷ്ബുക്ക് പ്രകാരമുള്ള 2020-21വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 31268937 | 31268937 | 31268937 | 0 |
| ഭരണചെലവ് | 380717.25 | 855806 | 1236523 | 1235384 | 1139 |
| ആകെ | 380717.25 | 32124743 | 32505460 | 32504321 | 1139 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കും ബാങ്ക് സ്റ്റേറ്റ്മെന്റ്,തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-7 സാമൂഹ്യക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7920 | 11 |
| വാർദ്ധക്യകാലപെൻഷൻ | 24284600 | 1468 |
| കർഷകതൊഴിലാളി പെൻഷൻ | 4518000 | 304 |
| വിധവാപെൻഷൻ | 6850000 | 450 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 694600 | 37 |
| വികലാംഗപെൻഷൻ | 3361700 | 238 |
| വിവാഹധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2020-21 ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി കടനാട് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 25.11.2021-ന് 03:30 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 12424/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവയിലെ പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലവിലില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുണ്ട്.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACRസൂക്ഷിയ്ക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ , സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/12/2019 | 11/2019 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/06/2006 | 2005-06 വരെ | LBA(HQ)8A/1000/415 തീയതി 21/07/2006 |

1-11 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു- എ.സി.ആർ. സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ മുൻവർഷങ്ങളിലുൾപ്പടെ ലഭ്യമായ ഗ്രാന്റിൽ 53.59 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. 31/03/2021 ലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | അവശേഷിക്കുന്ന തുക(31/03/2021) | റിമാർക്ക്സ്/ഫണ്ട് വിശദാംശം |
|---|---|---|---|
| 1. | 320100101 | 1,139/- | NREGA |
| 2. | 320100102 | 631,772/- | SGSY |
| 3. | 320100115 | 641,046/- | സമ്പൂർണ ശുചിത്വ പരിപാടി(TSC) |
| 4. | 320100121 | 502,913/- | ICDS ഫണ്ട് |
| 5. | 320200308 | 16,789/- | ലൈബ്രറി ഗ്രാന്റ് |
| 6. | 320200309 | 7,552/- | സാക്ഷരത ഗ്രാന്റ് |
| 7. | 320200317 | 1,597,553/- | കുടിവെള്ള ഗ്രാന്റ് |
| 8. | 320200322 | 539,515/- | ശുചിത്വ മിഷൻ ഗ്രാന്റ് |
| 9. | 320300102 | 348,442/- | ജലനിധി ഗ്രാന്റ് |
| 10. | 320300199 | 363,736/- | സർക്കാർ ഏജൻസി ഗ്രാന്റ് |
| 11. | 320700104 | 90,000/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം(ക്യാപ്പിറ്റൽ ചെലവിന്) |

| | | | |
|---|---|---|---|
| 12. | 320700105 | 28,465/- | ജില്ല പഞ്ചായത്ത് വിഹിതം(ക്യാപ്പിറ്റൽ ചെലവിന്) |
| 13. | 320700204 | 189,121/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം(റവന്യൂ ചെലവിന്) |
| 14. | 320700205 | 266,837/- | ജില്ല പഞ്ചായത്ത് വിഹിതം(റവന്യൂ ചെലവിന്) |
| 15. | 320800101 | 98,350/- | ഗുണഭോക്തൃ വിഹിതം |
| 16. | 320200301 | 35,425/- | കോവിഡ് റിക്കവറി |
| ആകെ | | 5,358,655/- | |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം രേഖപ്പെടുത്തുന്ന എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. ഫണ്ട് വിനിയോഗത്തിലെ പ്രധാന അപാകതകൾ താഴെ വിവരിക്കുന്നു.

1.പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രോജക്ടുകൾക്കായി ചെലവഴിക്കുമ്പോൾ അക്കൌണ്ടന്റ് എ.സി.ആർ. തയ്യാറാക്കി ഓരോ ചെലവും പ്രോഗ്രസീവ് ചെലവും സെക്രട്ടറി സാക്ഷ്യപ്പെടുത്തണമെന്നിരിക്കെ എ.സി.ആർ കൃത്യമായി എഴുതി ആധികാരികമാക്കാതെ ചെലവുകൾ നടത്തിയിരിക്കുന്നു. പ്രത്യേക ഗ്രാന്റുകളുടെ ചെലവുകൾ എ.സി.ആറിൽ രേഖപ്പെടുത്തി തുക, പ്രോഗ്രസീവ് ടോട്ടൽ, ബാലൻസ് എന്നിവ ഉറപ്പാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു.

2.പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ പ്രോജക്ട് നം., വൌച്ചർ നം., നിർവ്വഹണ ഉദ്യോഗസ്ഥൻ, ചെലവ് വിശദാംശം എന്നിവ എ.സി.ആറിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി അക്കൌണ്ടന്റ് സൂക്ഷിക്കേണ്ടതായിരുന്നു.

3.ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ലഭിച്ച തുകകൾ പട്ടികയിലെ ക്രമ നം.11,12,13,14 ഏതെല്ലാം പ്രോജക്ടുകൾക്കാണ് ലഭിച്ചത് എന്നത് എ.സി.ആറിൽ ലഭ്യമല്ല.

4.പട്ടികയിലെ ക്രമ നം.15 ഗുണഭോക്തൃ വിഹിതം ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ചതാണെന്നുള്ള വിശദാംശവും അവ ചെലവഴിക്കുന്നതിന്റെ വിവരവും സൂക്ഷിച്ചിട്ടില്ല.

5.ജലനിധിക്കായി ലഭിച്ച ഗ്രാന്റ് കുടിവെള്ള ഗ്രാന്റായി പ്രത്യക ശീർഷകത്തിൽ അക്കൌണ്ട് ചെയ്തിരിക്കുന്നു,.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതിരുന്നതിനും അവയുടെ വിനിമയം അക്കൌണ്ട് ചെയ്യുന്ന ACR സൂക്ഷിക്കാതിരുന്നതിനും മേൽപറഞ്ഞ അപാകതകൾക്കും കൃത്യമായ വിശദീകരണം അനുബന്ധ രേഖകൾ ഉൾപ്പടെ നൽകുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.277/2020-21 /04.12.2021) നൽകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. ഓരോ ഗ്രാന്റുകളുടെയും എ.സി.ആർ. തയ്യാറാക്കി മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളും അവയുടെ പ്രോജക്ട് വിശദാംശം ഉൾപ്പടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. അവശേഷിക്കുന്ന ഫണ്ടുകൾ 2021-22 വർഷം ചെലവഴിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

## 1-12 ക്ലോസ് ചെയ്ത അക്കൗണ്ടിൽ തുക അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടുകളുടെ പാസ്സ് ബുക്കുകൾ പരിശോധിച്ചതിൽ 709031400000008 എന്ന STSB അക്കൗണ്ടിൽ 2103 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. മേൽഅക്കൗണ്ട് ട്രഷറി ഡയറക്ടറുടെ 30/04/2020 ലെ TRY/1385/2020-F2 നിർദ്ദേശപ്രകാരം 05.05.2020 ൽ ക്ലോസ് ചെയ്ത് മേൽ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 798909 രൂപ 79901300000070 എന്ന എൽ ജി ടി എസ് ബി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നു.നിലവിലുണ്ടായിരുന്ന STSB അക്കൗണ്ട് സ്റ്റാറ്റസ് ക്ലോസ്ഡ് ആയി രേഖപ്പെടുത്തേണ്ടതാണെന്ന് ട്രഷറി ഡയറക്ടർ ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു.ക്ലോസ്ഡ് അക്കൗണ്ടായതിനാൽ നിലവിൽ ടി അക്കൗണ്ടിന്റെ റീകൺസിലിയേഷൻ നടത്തിവരുന്നില്ല.കൂടാതെ മേൽ അക്കൗണ്ടിന്റെ ഉപയോഗിക്കാത്ത ചെക്ക് ലീഫുകൾ ഉൾപ്പെടെയുള്ള രേഖകൾ തിരികെ വാങ്ങുന്നതിനും നിർദ്ദേശിച്ചിരുന്നു.ക്ലോസ് ചെയ്ത അക്കൗണ്ടിൽ തുക

അവശേഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച് പാല സബ് ട്രഷറിക്ക് കത്ത് നൽകിയതായി അറിയിച്ചു.തുക നിലവിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് വിവരംഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല

2020-21 വാർഷിക ധനകാര്യപത്രികയിൽ നടത്തിയ പരിശോധനയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്,സെക്രട്ടറി എന്നിവരുടെ പേരിലുള്ള 05041120300002 എന്ന അക്കൗണ്ടിൽ (കോട്ടയം ജില്ല സഹകരണ ബാങ്ക് ,കൊല്ലപ്പള്ളി ശാഖ) 282960/- രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു.മേൽ അക്കൗണ്ട് എം എൻ ലക്ഷംവീട് പദ്ധതിയുമായി ബന്ധപ്പെട്ടതാണ്.ബാങ്ക് റീകൺസിലിയേഷൻ പരിശോധനയിൽ മേൽ അക്കൗണ്ടിൽ സാമ്പത്തികയിടപാടുകൾ നടക്കുന്നതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/03.12.2021)ലഭ്യമാക്കിയ മറുപടിയിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ആവശ്യമായ പരിശോധന നടത്തി തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.തുക തിരികെ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയം -ഒറ്റത്തവണ കെട്ടിടനികുതി

2019-20 ,2020-21 വർഷങ്ങളിൽ പുതിയ കെട്ടിങ്ങൾക്ക് നമ്പർ അനുവദിച്ചപ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കിയപ്പോഴും സ.ഉ (എം.എസ് ) നം.231 /15/ ത.സ്വ.ഭ.വ തീയതി 9/7/2015 പ്രകാരം 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയിട്ടില്ല. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(18/2020-21 /02.12.2021) നൽകിയിരുന്നതിന് രേഖാമൂലം വിശദീകരണം ലഭിച്ചില്ല. നിലവിൽ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പ് അനുബന്ധരേഖയായി സൂക്ഷിക്കുന്നുണ്ടെന്നാണ് വസ്തുനികുതി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ ഓഡിറ്റ് സമയത്ത് അറിയിച്ചത്. വസ്തുനികുതി നിർണ്ണയം നമ്പറിങ്ങ് നടത്തുമ്പോൾ മേൽവിവരിച്ച നടപടികൾ എല്ലാം പാലിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി -കുടിശിക നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികധനകാര്യപത്രിക 31/03/2021-ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ ആകെ 15 ലക്ഷത്തിലധികം രൂപ കുടിശ്ശികയുള്ളതായി കാണുന്നു. വസ്തുനികുതിയുടെ വാർഷിക ഡിമാന്റ് 2019-20 വർഷം ഏകദേശം 32 ലക്ഷവും 2020-21 വർഷം 34.3 ലക്ഷവുമാണ്(വാർഷിക കണക്കുകൾ പ്രകാരം). മുൻവർഷങ്ങളിലെ വാർഷിക വസ്തുനികുതി ഡിമാന്റിന്റെ പകുതിയോളം തുക കുടിശികയായി നിലനിൽക്കുന്നു. കുടിശ്ശിക ഈടാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി-പൊതു അപാകതകൾ

2020-21 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്ഥാപനങ്ങളെ ഇൻഡെക്സ് ചെയ്ത് ജീവനക്കാരുടെ തൊഴിൽ നികുതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വരവ് കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല.

2.സ്ഥാപന തൊഴിൽ നികുതിയുടെ കൃത്യമായ ഡിമാന്റ് നിർണ്ണയിച്ചിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാന്റ് തുക എപ്രകാരമാണ് നിർണ്ണയിക്കപ്പെട്ടത് എന്ന് വ്യക്തമല്ല. 2019-20 ലെ ഡിമാന്റ് തുക 314,182/- രൂപയാണ്. 2020-21 ലെ ഡിമാന്റ് തുക 258,327/- രൂപയായി കുറഞ്ഞു.

3.10 ന്റെ ഗുണിതമായി ഡിമാന്റ് ചെയ്യേണ്ട നികുതി ഡിമാന്റ് അപ്രകാരമല്ലാത്ത തുകയായി അക്രൂവൽ നടത്തിയതും കൃത്യമായ ഡിമാന്റ് നിർണ്ണയിക്കാതിരുന്നതും നികുതിനിർണ്ണയത്തിലെ അപാകതയാണ്.

4.സ്ഥാപന തൊഴിൽ നികുതി ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ധാരാളം സ്ഥാപനങ്ങൾ നികുതി ഒടുക്കാത്തതായി രജിസ്റ്ററിൽ കാണുന്നു. എന്നാൽ 31/03/2021 ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപന/ട്രേഡർ തൊഴിൽ നികുതി ഇനത്തിൽ ലഭിക്കാനുള്ള തുകയില്ലാത്തത് ഡിമാന്റിലെ അപാകത വ്യക്തമാക്കുന്നു.

5.ട്രേഡർ തൊഴിൽ നികുതി രേഖപ്പെടുത്തുന്നത് ലൈസൻസ് രജിസ്റ്ററിലാണ്. കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

കൃത്യമായ ഡിമാന്റ് നിശ്ചയിക്കാതെയും ഡിമാന്റ് രജിസ്റ്ററിലെ കണക്കുകൾ ക്രമീകരിക്കാതെയുമാണ് തൊഴിൽ നികുതി ചുമത്തൽ നടത്തുന്നത്. കൃത്യമായ ഡിമാന്റ് രജിസ്റ്ററിന്റെ അഭാവത്തിൽ വാർഷിക കണക്കുകൾ പ്രകാരമുള്ള വരവിന്റെ ആധികാരികത വ്യക്തമല്ല. അടിസ്ഥാന രേഖകളുടെ സൂക്ഷിപ്പിലും തൊഴിൽ നികുതി ഡിമാന്റ്, ഈടാക്കൽ നടപടികളിലും സംഭവിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.24/2020-21/03.12.2021) നല്കിയതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

1-17 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

2020-21 ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ തൊഴിൽ നികുതി റിട്ടേൺ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | ഡിമാന്റ് രജിസ്റ്റ ക്രമനം. | സ്ഥാപനം | ഒടുക്കാത്ത 2020-21 അർദ്ധ വർഷം |
|---|---|---|---|
| 1. | 32 | ബി.എസ്.എൻ.എൽ. | I |
| 2. | 40 | മാവേലി സ്റ്റോർ | I & II |
| 3. | 42 | സന്ധ്യാ ഡെവലപ്മെന്റ് സൊസൈറ്റി, കൊടുമ്പിടി | II |
| 4. | 47 | അസിസ്റ്റന്റ് രജിസ്ട്രാർ | I & II |
| 5. | 48 | ആർ.പി.എസ്. കൊല്ലപ്പള്ളി | II |
| 6. | 49 | ആർ.പി.എസ്. നീലൂർ | I & II |
| 7. | 51 | കേരള സോമിൽ, കൊല്ലപ്പള്ളി | I & II |
| 8. | 53 | ഫെറോകാസ്റ്റ് ഇലക്ട്രിക്കൽസ് | I & II |
| 9. | 55 | അഗ്രിക്കൾച്ചർ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി-കടനാട് | I & II |
| 10. | 58 | ഏറത്ത് ബിസിനസ് കോർപ്പറേഷൻ | I |

ജീവനക്കാരുടെ തൊഴിൽ നികുതി പഞ്ചായത്തിന് അതാത് വർഷം ലഭിക്കേണ്ട വരുമാനം ആയതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.25/2020-21/03.12.2021) നൽകിയതിന് മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21 തൊഴിൽ നികുതി Prior Period Income ആയി ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 സ്ഥാപന തൊഴിൽ നികുതി ഡിമാന്റിൽ അപാകതകൾ

2020-21 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ

തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 2020-21 സ്ഥാപന തൊഴിൽ നികുതി ഡി.സി.ബി. കൃത്യമായി തയ്യാറാക്കിയിട്ടില്ല. മുൻവർഷത്തേക്കാളും കുറഞ്ഞ തുകയാണ് ഡിമാന്റായി വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ളത്. സ്ഥാപന തൊഴിൽ നികുതി 31/03/2021-ൽ കുടിശികയായി നിലനിൽക്കുന്നില്ല. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഇൻഡെക്സിൽ ലിസ്റ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങള് ഡിമാന്റിൽ വരാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമല്ല. സ്ഥാപനങ്ങളുടെ പേര് താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | മാവേലി സ്റ്റോർ |
| 2. | സന്ധ്യാ ഡെവലപ്മെന്റ് സൊസൈറ്റി, കൊടുമ്പിടി |
| 3. | ആർ.പി.എസ്. കൊല്ലപ്പള്ളി |
| 4. | ആർ.പി.എസ്. നീലൂർ |
| 5. | സഹായ് ഫുഡ് പ്രോഡക്ട്സ്, പിഴക് |
| 6. | കേരള സോമിൽ, കൊല്ലപ്പള്ളി |
| 7. | കുഴിഞ്ഞാലിൽ ഗ്രാനൈറ്റ്സ് |
| 8. | ഫോർച്യൂൺ ഗ്രാനൈറ്റ്സ് |
| 9. | സ്റ്റീൽ ടെക് ഇൻഡസ്ട്രീസ്, കുറുമണ്ണ് |
| 10. | ഫെറോകാസ്റ്റ് ഇലക്ട്രിക്കൽസ് |
| 11. | അഗ്രിക്കൾച്ചർ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി-കടനാട് |
| 12. | ഏറത്ത് ബിസിനസ് കോർപ്പറേഷൻ |

തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കിയത് പഞ്ചായത്തിന് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. അടിസ്ഥാന രേഖകളുടെ സൂക്ഷിപ്പിലും തൊഴിൽ നികുതി ഡിമാന്റ്, ഈടാക്കൽ നടപടികളിലും സംഭവിച്ച അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.26/2020-21/04.12.2021) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ക്രമനം.1,2,3,7,8,9,12 സ്ഥാപനങ്ങൾ തൻവർഷവും 2021-22 വർഷവുമായി നികുതി ഒടുക്കിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. പ്രസ്തുതത വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്ത് നിശ്ചിത മാതൃകയിൽ ഡി.സി.ബി. യും തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ഹാജരാക്കേണ്ടതാണ്. ഇൻഡെക്സിൽ ലിസ്റ്റ് ചെയ്തിട്ടുള്ള 4,5,6,10,11 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി ഈടാക്കേണ്ടതാണ്. നികുതിയുടെ ഒടുക്ക് വിശദാംശം മറുപടിയിൽ അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ നൽകേണ്ടതാണ്.

## 1-19 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് വാടകയ്ക്ക് കൊടുത്തിട്ടുള്ള കെട്ടിടങ്ങളിൽ ഉൾപ്പെടെ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം/സ്ഥാപനത്തിന്റെ തരം | വ്യക്തിയുടെ പേര് |
|---|---|---|
| 1 | കൊല്ലപ്പള്ളി മാർക്കറ്റ് സ്റ്റാൾ IX/152 | ജാൻസി ബെന്നി , പറുക്കുന്നേൽ |
| 2 | കൊല്ലപ്പള്ളി മാർക്കറ്റ് സ്റ്റാൾ IX/153 | എൻ ജെ ജോസഫ് |

| | | |
|---|---|---|
| | | ,നെല്ലൻകുഴിയിൽ |
| 3 | കൊല്ലപ്പള്ളി മാർക്കറ്റ് സ്റ്റാൾ IX/154 | സാബു ജോസഫ് ,നെല്ലൻകുഴിയിൽ |
| 4 | കൊല്ലപ്പള്ളി മാർക്കറ്റ് സ്റ്റാൾ IX/155 | തങ്കച്ചൻ അഗസ്റ്റ്യൻ മാപ്രക്കരോട്ട് |
| 5 | കൊല്ലപ്പള്ളി മാർക്കറ്റ് സ്റ്റാൾ IX/157 | കെ ആർ രാജൻ കരിമരുതുങ്കൽ |
| 6 | കൊല്ലപ്പള്ളി മാർക്കറ്റ് സ്റ്റാൾ IX/158 | ആർ വേലായുധൻ പുതിയമഠത്തിൽ |

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ കള്ളുഷാപ്പുകൾ, ക്ഷീരോദ്പാദക സഹകരണ സംഘങ്ങൾ,റേഷൻ കടകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2019-20,20-21 വർഷങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങളൊന്നും ലൈസൻസ് എടുത്തതായി കാണുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (16/20-21) ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 വാടക പിരിവ് പൂർണ്ണമല്ല

വാടക രജിസ്റ്റർ പ്രകാരം താഴെപ്പറയും പ്രകാരം 26284 രൂപ വാടക ഈടാക്കാനുള്ളതായി കാണുന്നു.വാടക ഈടാക്കുന്നത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.വാടക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | കെട്ടിടം/റൂം നമ്പർ | വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേര് | വാടക ലഭ്യമാകാത്ത മാസങ്ങൾ/നിരക്ക് | കുടിശ്ശിക |
|---|---|---|---|---|
| 1 | കൊല്ലപ്പള്ളി മാർക്കറ്റ് സ്റ്റാൾ IX/153 | എൻ ജെ ജോസഫ് നെല്ലിക്കുഴിൽ | 06/20 1720 | 1720 |
| 2 | പാണ്ടിയമ്മാക്കൽ കൊല്ലപ്പള്ളി IX/62 | ബിനു ജോസഫ് വള്ളോംപുരയിടം | 04/20-05/20 525 | 1050 |
| 3 | പാണ്ടിയമ്മാക്കൽ കൊല്ലപ്പള്ളി IX/63 | സാജൻ സി മഠത്തിൽ | 04/20-05/20 882 | 1764 |
| 4 | പാണ്ടിയമ്മാക്കൽകൊല്ലപ്പള്ളി IX/64 | കെ എസ് സെബാസ്റ്റ്യൻ കല്ലറയ്ക്കൽ | 04/20-05/20 987 | 1974 |
| 5 | ജവഹർലാൽ നെഹ്റു ബിൽഡിംഗ് കുറുമണ്ണ് VI/113 | എ ഇ ദീപക് ആനക്കല്ലുങ്കൽ | 04/20-05/20 1142 | 2284 |
| 6 | ജവഹർലാൽ നെഹ്റു ബിൽഡിംഗ് കുറുമണ്ണ് VI/114 | എ ഇ ദീപക് ആനക്കല്ലുങ്കൽ | 04/20-05/20 1098 | 2196 |
| 7 | ജവഹർലാൽ നെഹ്റു ബിൽഡിംഗ് കുറുമണ്ണ് | റ്റി ജി സുജിത്ത് തലപ്പോലിക്കൽ | 04/20-05/20 630 | 1260 |

| | | | | |
|---|---|---|---|---|
| | VI/116 | | | |
| 8 | ജവഹർലാൽ നെഹ്റു ബിൽഡിംഗ് കുറുമണ്ണ് VI/117 | പ്രദീപ് മാനുവൽ വടക്കോട്ട് | 04/20-05/20, 09/20-03/21 630 | 5670 |
| 9 | ജവഹർലാൽ നെഹ്റു ബിൽഡിംഗ് കുറുമണ്ണ് VI/119 | പ്രസിഡന്റ് മർച്ചന്റ് അസോസിയേഷൻ | 04/20-05/20 630 | 1260 |
| 10 | ജവഹർലാൽ നെഹ്റു ബിൽഡിംഗ് കുറുമണ്ണ് VI/120 | സെക്രട്ടറി സൂര്യ സ്പോട്ടിംഗ് ക്ലബ് | 04/20-05/20 10/20 - 03/21 688 | 5504 |
| 11 | വെയ്റ്റിംഗ് ഷെഡ് റൂം കുറുമണ്ണ് VI/79 | എബ്രഹാം സ്കറിയ പുത്തൻപുരയ്ക്കൽ | 04/20-05/20 1145 | 2290 |
| | | | ആകെ | 26972 |

1-21 പെർമിറ്റ് അപേക്ഷമേൽ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല

പഞ്ചായത്തിന്റെ കെട്ടിടനിർമാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിട്ടുള്ള വ്യക്തികളുടെ അപേക്ഷമേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമല്ല.

| ക്രമ നം | പെർമിറ്റ് എടുത്ത വ്യക്തി | കെട്ടിടത്തിന്റെ തരം/വിസ്തീർണ്ണം(ച.മീ.) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ലാൽ എസ് വട്ടക്കുഴിയിൽ തഴവക്കുന്ന് | 97.65,ഗാർഹികം | A4-1849/15 17.06.15 – 17.06.18 നമ്പർ ആയി പെർമിറ്റ് നൽകിയതായി കാണുന്നു.നമ്പറിംഗ് നടത്തിയതായി കാണുന്നില്ല |
| 2 | ഐവിമോൾ ജോൺ കുമ്പുക്കൽ ,പിഴക് | 101.72,ഗാർഹികം | 23.11.2015 ൽ അസിന്റന്റ് എഞ്ചിനീയർക്ക് കൈമാറി.തുടർവിവരങ്ങൾ ലഭ്യമല്ല |
| 3 | ജോമോൻ ജോസഫ്,പടിഞ്ഞാറയിൽ കടനാട് | 88.44,ഗാർഹികം | 23.11.2015 ൽ അസിന്റന്റ് എഞ്ചിനീയർക്ക് കൈമാറി.തുടർവിവരങ്ങൾ ലഭ്യമല്ല |
| 4 | ലിനി എബ്രഹാം,മൂഴയിൽ പാലാ | 334.21,വാണിജ്യം,ഗാർഹികം | വിവരങ്ങൾ ലഭ്യമല്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(29/04.12.2021) മറുപടി ലഭ്യമാക്കിയില്ല. പെർമിറ്റ് അപേക്ഷമേൽ നടപടികൾ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ക്ഷേമപെൻഷൻ പെൻഷണറുടെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിരിക്കുന്നു

പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയർ, 2019-20,2020-21 വർഷത്തെ പഞ്ചായത്തിലെ മരണ രജിസ്റ്റർ എന്നിവ അടിസ്ഥാനപ്പെടുത്തി പെൻഷൻ വിതരണം സംബന്ധിച്ച് പരിശോധിച്ചതിൽ മരണപ്പെട്ട പെൻഷണറുടെ പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| ഏലിക്കുട്ടി മത്തായി വെള്ളയാങ്കണ്ടം | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105290201431 | 30.12.2019 | 1/2020 - 10/2021 | 33700 |
| സരോജിനിയമ്മ എടാട്ട് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105290200221 | 14.12.2019 | 1/2020 - 11/2020 | 16500 |
| സരോജിനി രാമചന്ദ്രൻ ആശാനിവാസ് | കർഷകത്തൊഴിലാളി പെൻഷൻ | 105290100477 | 14.02.2020 | 03/2020 - 11/2020 | 11900 |
| വർഗ്ഗീസ് പി റ്റി പല്ലാട്ട് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105290101163 | 15.05.2020 | 06/2020-11/2020 | 9000 |
| ഏലിയാമ്മ ദേവസ്യ കളപ്പുരയ്ക്കൽ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105290201135 | 31.07.2020 | 08/2020 - 11/2020 | 6000 |
| പി എം ജോസഫ് വടക്കേ പെരുമാട്ടിക്കുന്നേൽ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105290200849 | 25.07.2020 | 08/2020 - 11/2020 | 6000 |
| ജോസഫ് സൈമൺ പുന്നക്കുന്നേൽ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105290200790 | 18.08.2020 | 09/2020 | 1500 |
| കല്യാണി തടത്തിൽ | കർഷകത്തൊഴിലാളി പെൻഷൻ | 105290200316 | 13.08.2020 | 09/2020 -10/2021 | 21300 |
| | | | | | 105900 |

ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷം വളരെക്കാലമായി ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നത് തുടരുകയാണ്. പഞ്ചായത്തിലെ മരണ രജിസ്റ്ററുമായി ചേർത്ത് പരിശോധിച്ച ഏതാനും ഗുണഭോക്താക്കളുടെ മാത്രം കണക്കാണിത്. ഇതു കൂടാതെ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും

ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയ പെൻഷനുകൾ കൈപ്പറ്റിയവരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(5/30.11.2021) ലഭ്യമാക്കിയ മറുപടിയിൽ ക്ഷേമപെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യുന്നതാണെന്നും അനർഹമായി അക്കൗണ്ടിലെത്തിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 സർവ്വീസ് പെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയിരിക്കുന്നു

സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയതായി രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യമാകുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | പേരും വിലാസവും | പി.പി ഓ .നമ്പർ | പെൻഷൻ ഐ.ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | മേരി ഉലഹന്നാൻ,വളവൻകോട്ട്,കണ്ണാടിയുറുമ്പ് | 5826 | 105290100476 | 62300/- |
| 2 | ആലീസ് ചാക്കോ കൈപ്പുഴവള്ളിയിൽ പിഴക് | ലഭ്യമല്ല | 105290200234 | 59300/- |
| | | | ആകെ | 121600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(06/30.11.2021) ലഭ്യമാക്കിയ മറുപടിയിൽ 25.06.2021 ൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ അടവാക്കി വിവരം അറിയിക്കുന്നതിന് കത്ത് നൽകിയതായി അറിയിച്ചു. തുക തിരികെ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം അൻപതോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന കാര്യം വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിക്കുന്ന തുകയുടെകൃത്യതയും വ്യക്തമല്ല. സ്യൂട്ട് രജിസ്റ്റർ കൃത്യമായും കാലികമായും സൂക്ഷിക്കേണ്ടതാണ്.

## 1-25 പുഴ,പുറമ്പോക്ക് സംബന്ധിച്ച രേഖകൾ തയ്യാറാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് (1994) സെക്ഷൻ 218 ൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് കാര്യങ്ങൾക്കൊപ്പംഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ എല്ലാ ജലമാർഗ്ഗങ്ങളും

(പഞ്ചായത്ത് പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദികളുടെ തീരങ്ങളും തടങ്ങളും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും കായലുകളും ജലമാർഗ്ഗങ്ങളും കെട്ടിനില്ക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും നീരുറവകളും ജലസംഭരണികളും കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പുകളും ചാലുകകളും, സ്റ്റാൻഡ് പൈപ്പുകളും മറ്റ് ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മേൽ സെക്ഷന്റെ ഉപ സെക്ഷൻ 2 പ്രകാരം ഇപ്രകാരം നിക്ഷിപ്തമായ മേല്പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാധ്യതകളും ഒന്നാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിരക്കുന്നതും അപ്രകാരം നിക്ഷിപ്തമാകുന്ന തീയതി മുതൽക്ക് അവ ഗ്രാമപഞ്ചായത്തിന്റെ അവകാശങ്ങളും ബാധ്യതകളുമായി തീരുന്നതുമാണ്. മേൽ പരാമർശിച്ച നിയമവ്യവസ്ഥകളും തുടർന്നുള്ള നിയമഭേദഗതികൾ മൂലവും സർക്കാർ ഉത്തരവുകൾ പ്രകാരവും നദീതീരവും പുറമ്പോക്കും സംരക്ഷിക്കുന്നതിന് നിയമപ്രകാരം റവന്യൂ വകുപ്പിലും പഞ്ചായത്തിലും നിക്ഷിപ്തമായ ചുമതല നിർവഹിക്കുന്നതിന്റെ ഭാഗമായി പുറമ്പോക്ക് സംബന്ധമായ വിവരങ്ങൾ റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തിയ രേഖകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-26 വിവിധ വാർഡുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ-തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം ,പേര് | 147/21-വിവിധ വാർഡുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | 805000 CFC |
| ചെലവഴിച്ച തുക | 805000 (ബിൽ നം 1/11.04.2020 ) |

കടനാട് ഗ്രാമ പഞ്ചായത്തിന്റെ2020-21വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി 805000രൂപ -ചെലവഴിച്ച വിവിധ വാർഡുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ (147/21 നമ്പർ) പദ്ധതിക്കായി അനർട്ടിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ള താണ്. (20വാട്സ്,16ലൈറ്റുകൾ ,8വാട്സ്14ലൈറ്റുകൾ)പ്രസ്തുത പ്രോജക്ടിനായി വാർഷിക പദ്ധതി പ്രകാരം രൂപ805000 അനെർട്ടിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ അനെർട്ടുമായി കരാർ ചമച്ചതിന്റെയോ തുക അടവാക്കി ഒന്നര വർഷം കഴിഞ്ഞിട്ടും തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. കൂടാതെ മുൻവർഷങ്ങളിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ച സോളാർ ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനായി സ്വീകരിച്ച പ്രവൃത്തികൾ പോലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. നിക്ഷേപപവൃത്തി പൂർത്തീകരിയ്ക്കുന്നതുവരെ ടി പ്രോജക്ടിനായി ചെലവഴിച്ച 805,000/- രൂപ ഓഡിറ്റിൽ തടസ്സ പ്പെടുത്തുന്നു.

## 1-27 കമ്പ്യൂട്ടർ ഹാർഡ് വെയർ,സോഫ്റ്റ് വെയർ - പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽ ഓഫീസ് കമ്പ്യൂട്ടർവത്ക്കരണത്തിനു പ്രാധാന്യം നൽകി പ്രോജക്ടുകൾ ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ടിലും കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. സർക്കുലർ നം.86/2010/ഫിൻ തീയതി 24-9-2010 പ്രകാരം കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽപ്പെടുത്തി വികസനഫണ്ട്ചെലവഴിച്ച് കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും വാങ്ങിയിട്ടുണ്ടെങ്കിലും, വിവിധ

വർഷങ്ങളിൽ നടത്തുന്ന പർച്ചേസുകളായതിനാൽ വാറന്റി, എ.എം.സിയുടെ വിവരങ്ങൾ തുടങ്ങിയവ പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്. കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് സേവന പുസ്തകം പരിപാലിക്കാതെ ആർജിതാവധി അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് ഓവർസിയർ, അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് തൻവർഷം ആർജിതാവധി അനുവദിച്ചിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റിന് (തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 05.01.2018 ലെ ഐബി1/344/2016-തസ്വഭവ നമ്പർ കത്ത് പ്രകാരം 30 ആർജിതാവധി ഒരു വർഷം സറണ്ടർ ചെയ്യാം) 15 ആർജിതാവധിയും, അക്രഡിറ്റഡ് എൻജിനീയർ / ഓവർസിയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് 18.05.2011 ലെ 18805/മഹാത്മാ ഗാന്ധി എൻ ആർ ഇ ജി എസ് സെൽ 01/10/സി ആർ ഡി സർക്കുലറിന്റെയടിസ്ഥാനത്തിൽ 15 ആർജിതാവധിയുമാണ് സറണ്ടർ ചെയ്യുവാൻ അനുവദിച്ചിട്ടുള്ളത്. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/20.10.2021) നാളിതുവരെ ടി ജീവനക്കാരുടെ സേവനപുസ്തകം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലായെന്നും ഉടൻ തന്നെ ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഡ്യൂട്ടി കാലയളവ് കൃത്യമായി പരിശോധിച്ച് ആർജിച്ച അവധിയും സറണ്ടർ ചെയ്ത ആർജിത അവധിയും ഉൾപ്പെടെയുള്ള ലീവ് അക്കൗണ്ട് സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-29 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല - വൈദ്യുതി ചാർജിനത്തിൽ അധിക ചെലവുണ്ടാകുന്നു

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2019-20, 2020-21സാമ്പത്തിക വർഷ ങ്ങളിൽ 697669, 780554 രൂപവീതം കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുകയോ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എങ്ങുമെത്തിയിട്ടില്ല. മീറ്ററേതര ചാർജിനത്തിൽപ്പെടുന്ന എൽ.റ്റി 8 (എ) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള എൽ.റ്റി 8 (ബി) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കണക്കാക്കുന്നതെങ്കിൽ ഉപയോഗത്തിനനുസരിച്ച് മാത്രം തുക നല്കിയാൽ മതിയാകും.

എൽ.റ്റി 8(എ), എൽ.റ്റി 8 (ബി) പ്രകാരം തുക ഇ◌ൗടാക്കുമ്പോൾ ചുവടെ പറയുന്ന വ്യത്യാസമുണ്ടാകുന്നു.

| എൽ.റ്റി 8 (എ) | എൽ.റ്റി 8 (ബി) |
|---|---|
| 12 മണിക്കൂർ ഉപയോഗിച്ചില്ലെങ്കിലും തുക ഒടുക്കേണ്ടി വരുന്നു | ഉപയോഗത്തിനനുസരിച്ച് മാത്രമേ ചാർജ്ജ് ഈടാക്കൂ. |
| ഉപകരണങ്ങൾ പ്രവർത്തന രഹിതമായാലും തുക | പ്രവർത്തിക്കുന്നവയ്ക്കു മാത്രമേ ചാർജ്ജ് ഈടാക്കൂ |

| | |
|---|---|
| ഒടുക്കേണ്ടിവരുന്നു | |
| അറ്റകുറ്റപ്പണിയോ മറ്റേതെങ്കിലും കാരണത്താലോ വൈദ്യുതി ബന്ധം തകരാറിലായാലോ പോലും ചാർജ്ജ് ഒടുക്കേണ്ടിവരുന്നു | ഉപയോഗത്തിൽ കുറവ് വരുന്നതിനാൽ ചാർജ്ജ് ഇടാക്കുന്നില്ല. |

ഗ്രാമപഞ്ചായത്തിൽ നിലവിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയോ ആയതിനു വേണ്ടി തുക ഡെപ്പോസിററ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/1.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. വൈദ്യുത ചാർജ്ജ് ഇനത്തിലെ അനാവശ്യ ചെലവുകൾ ഒഴിവാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമാണ് ചാർജ്ജ് നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-30 ഹരിത കർമ്മസേനയുടെ പ്രവർത്തനം-യൂസർഫീ കളക്ഷൻ കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതാണ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020 ലെ സ.ഉ. (സാധാ) നം. 1496/2020 പ്രകാരം മാലിന്യസംസ്കരണത്തിനായി ഹരിതകർമ്മ സേനപ്രവർത്തിക്കുമ്പോൾ അനുവർത്തിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് പ്രവർത്തന മാർഗരേഖ നൽകിയിട്ടുണ്ട്. നിലവിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഏതാനും നിർദേശങ്ങൾ താഴെ കൊടുക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ തീരുമാനിക്കുന്ന യൂസർ ഫീസ് പിരിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനത്തിലെ കൺസോർഷ്യത്തിന്റെ മേൽനോട്ടത്തിൽ രസീത്ബുക്ക് പ്രിന്റ് ചെയ്ത് സീൽ ചെയ്ത് യൂസർഫീസ് രേഖപ്പെടുത്തി യൂസർ ഫീസ് പിരിക്കേണ്ടതാണെന്ന് മാർഗരേഖ വ്യക്തമാക്കുന്നു. നിലവിൽ യൂസർഫീസ് പിരിക്കുന്നതിനായി പ്രിന്റ് ചെയ്തിട്ടുള്ള രസീത്ബുക്കുകൾ നിർവഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത് വിതരണം നടത്തുന്നില്ല. രസീതുകൾ പരിശോധനയ്ക്കായി ആവശ്യപ്പെട്ടു എങ്കിലും എല്ലാ രസീതു ബുക്കുകളും പരിശോധനയ്ക്ക് ലഭ്യമായില്ല. കൂടാതെ എത്ര രസീത് ബുക്കുകൾ ഇതിനായി പ്രിന്റ് ചെയ്തിരുന്നോ കളക്ഷനു വേണ്ടി ഉപയോഗിച്ചിട്ടുണ്ടെന്നോ വിശദാംശങ്ങൾ ലഭ്യമായില്ല. യൂസർ ഫീ കളക്ഷനു വേണ്ടി കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുകയും എല്ലാ കളക്ഷൻ തീയതികളിലും രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ചെയ്യേണ്ടതാണെന്ന് മാർഗരേഖകളിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും കളക്ഷൻ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു. രസീതു ബുക്കുകൾ കൃത്യമായി നിർവഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത് വിതരണം നടത്തേണ്ടതും കളക്ഷന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

## 1-31 ഹരിത കർമ്മസേനയുടെപ്രവർത്തനവും അജൈവ മാലിന്യ ശേഖരണവും- തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

2019-20, 2020-21 ഓഡിറ്റുവർഷങ്ങളിൽ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥയായി ഹരിത കർമ്മസേനയുടെ പ്രവർത്തനവും അജൈവ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട്നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | ഓഡിറ്റു വർഷം | വകയിരുത്തിയതുംചെലവഴിച്ച തുമായ തുക |
|---|---|---|
| 144/20അജൈവമാലിന്യങ്ങളുടെ ശേഖരണവും തരം തിരിക്കലും | 2019-20 | 44630(plan) |
| 189/20ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് | 2019-20 | 27000(plan)<br>40000( Own Fund) |

| | | |
|---|---|---|
| 202/21ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് | 2020-21 | 85000(plan)) |

ഗ്യാപ്പ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പഞ്ചായത്തിലെ 14വാർഡുകളിലും ഹരിത കർമ്മസേന രൂപീകരിക്കുകയും പ്രസ്തുത ഹരിത കർമ്മസേനയ്ക്കായി വാഹന വാടക, ഓണറേറിയം, യൂണിഫോം, പരിശീലനം തുടങ്ങിയവയ്ക്കായി മുകളിലെ പട്ടിക പ്രകാരം ചെലവുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം. 10394-ഡി-2017/കെ.എസ്.എച്ച്.ഒ തീയതി 23.4.2018 പ്രകാരം തരംതിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫിൽ നിന്ന് ആർ.ആർ.എഫിലേക്ക് എത്തിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 6.1 പ്രകാരം ഹരിതകർമ്മസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ട നിയമപരമായ ഇടപെടലുകൾ നടത്തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളാണ്. കൂടാതെ സ.ഉ (സാധാ) നം.2420/2017/തസ്വഭവ തീയതി 15.7.17 ഖണ്ഡിക 3(17) പ്രകാരം ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സാധ്യമായിടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി (ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളുമായും) കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടതായി വ്യക്തമല്ല. മാലിന്യസംസ്കരണത്തിന് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ ആവിഷ്കരിക്കുകയോ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിച്ച നടപടികൾ ഫലവത്തായതായി കാണുന്നില്ല. ഡി.പി.ആർ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചതായും വ്യക്തമല്ല.

ഹരിത കർമ്മസേന അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് പഞ്ചായത്ത് എം.സി.എഫ്- ൽ സൂക്ഷിച്ചിട്ടുണ്ട്.എം.സി.എഫിൽ ശേഖരിച്ചിരിക്കുന്ന അജൈവമാലിന്യങ്ങളുടെ പുന:ചംക്രമണം , സ്ഥിരമായിയുള്ള എം.സി.എഫ് നിർമ്മാണം ഇവയ്ക്കായി ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കേണ്ടതാണ്.

1-32 കമ്മീഷൻ ചെയ്ത കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃ സംഘങ്ങൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ വിവിധ വർഷങ്ങളിലെ വാർഷിക പദ്ധതികളിൽപ്പെടുത്തി 11 കുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു.

1.ഇഞ്ചിക്കാവ് -ആനിക്കുഴി കുടിവെള്ള പദ്ധതി

2.കാവും കണ്ടം കറ്റാമല-കുടിവെള്ള പദ്ധതി

3.വാളികുളം - കുടിവെള്ള പദ്ധതി.

4.അടുതാറ്റ് - കുടിവെള്ള പദ്ധതി.

5.കവലവഴി മുക്ക് കുടിവെള്ള പദ്ധതി.

6.കരിവയൽ കുടിവെള്ള പദ്ധതി.

7.കുറുമണ്ണ് കുടിവെള്ള പദ്ധതി.

8.മണിയാകും പാറ കുടിവെള്ള പദ്ധതി.

9.മാവറ കുടിവെള്ള പദ്ധതി.

10.വേലിക്കാവ് കുടിവെള്ള പദ്ധതി.

11.ആറാം വയൽ കുടിവെള്ള പദ്ധതി.

സ.ഉ (കൈ) നം.11/2018 തസ്വഭവ. തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 7.1. ബി പ്രകാരം കുടിവെള്ളപദ്ധതികളുടെ പരിപാലനം സംബന്ധിച്ച മാർഗരേഖയുടെ ഖണ്ഡികയനുസരിച്ച്, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കിയ കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണച്ചുമതലകൾ ഗുണഭോക്തൃസംഘം രൂപീകരിച്ച്, കരാർ ചമച്ച് കൈമാറേണ്ടതും തദ്വാരാ തുടർന്ന് ഉണ്ടാകാവുന്ന സാമ്പത്തിക ബാധ്യതകളിൽ നിന്ന് ഒഴിവാകേണ്ടതുമാണ്.എല്ലാ കുടിവെള്ള പ്രോജക്ടുകൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. പദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികളുടെ ചുമതലയാണ് എന്നും പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ ഇത്തരം വ്യവസ്ഥകൾ പ്രോജക്ടിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താതെ കുടിവെള്ള പദ്ധതികൾആസൂത്രണം ചെയ്തത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

## 1-33 ഐക്കൊമ്പ് എൽപി സ്കൂൾ പുതിയ ക്ളാസ്റൂം നിർമ്മാണം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസ്സം

പ്രോജക്ട് നം - 175/21

കരാറുകാരൻ -അഗസ്റ്റിൻ ജോസഫ്

എം ബുക്ക് നം 66/19-20

എ. എസ് നം 2/1-27.12.2017 അടങ്കൽ 6,00,000/-

റ്റി എസ് നം 22079/2019-20 പൂർത്തീകരണ കാലാവധി ഒരു വർഷം

സെലക്ഷൻ നോട്ടീസ് നം/തീയതി - 136/20/ എൽഎസ്ജിഡി/കെ.ഡി.എൻ.ഡി 14/08/19

കരാർ വച്ച തീയതി-22.08.2019

കരാർനം 01/എ.ഇ/തസ്വഭവ/കെഡി എൻഡി/19-20/22.08.2019

20-21 വർഷം അസിസ്ററന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഐക്കൊമ്പ് എൽപി സ്കൂൾ പുതിയ ക്ലാസ്റൂം നിർമ്മാണം എന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാരൻ കാലതാമസ്സം വരുത്തിയതായി കാണുന്നു. ടെണ്ടർ സമർപ്പിച്ച് കരാറിലേർപ്പെട്ടതിൻ പ്രകാരം, സ്ഥലം ഏറ്റു വാങ്ങി 10 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് ഒരു തവണ നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 25% 1% പിഴയോടെയും തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% പിഴയും ഈടാക്കണമെന്ന പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്നു.എന്നാൽ കരാർ സാങ്കേതികാനുമതി പ്രകാരമുള്ള സമയപരിധിയായ ഒരു വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരൻ കാലാവധി ദീർഘിപ്പിക്കലിന് അപേക്ഷനൽകിയതായൊ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സൈറ്റ് കൈമാറിയ തീയതി | 22.09.19 |
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി | 2.10.2019 (സ്ഥലം ഏറ്റുവാങ്ങി 10 ദിവസം) |
| കാലാവധി | 12 മാസം |
| പൂർത്തീകരിക്കേണ്ട തീയതി | 1.10.2020 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നൽകാവുന്നത് (20% ഗ്രേസ് പിരീഡ്) | 15.12.2020 |
| പൂർത്തിയായത് | 10.02.2021 |

| | |
|---|---|
| ഈടാക്കേണ്ടിയിരുന്ന പിഴ | 15.12.2020 മുതൽ 10.02.2021 വരെ 4,84,352/- രൂപയുടെ 1% -4843/- |
| കരാറുകാരന് തുക നല്കിയതിന്റെ വിവരം | ബിൽനം 63/20-21 18.03.21 532007/- |

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഈടാക്കേണ്ട പിഴയായ 4843/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകാത്തതിനാൽ പിഴതുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-34 അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച

20-21 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ വയ്ക്കാൻ നിർദ്ദേശിച്ചിരുന്ന തീയതിക്കകം കരാർ വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം/പദ്ധതി | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് നം | തീയതി | കരാർ വയ്ക്കേണ്ട അവസാന തീയതി | കരാർ തീയതി | പി.എ.സി | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|---|
| 113/21പുറക്കടമ്പ് ചെക്ക്ഡാം റോഡ് കോൺക്രീറ്റിങ്ങ് | സിബി ജോസഫ് | 36/എ.ഇ /തസ്വഭവ/ കെഡി എൻഡി/20-21 | 07.1.21 | 21.01.21 | 03.02.21 | 1,40,000 | 1400 |
| 57/21അമ്പലം പുതിയ റോഡ് കോൺക്രീറ്റിങ്ങ് | വിഷ്ണു എം | 35/എ.ഇ /തസ്വഭവ/ കെഡി എൻഡി/20-21 | 07.1.21 | 21.01.21 | 28.01.21 | 100000 | 1000 |
| 64/21മേരിലാന്റ് മാങ്ങാമല റോഡ് കോൺക്രീറ്റിങ്ങ് | വിഷ്ണു എം | 34/എ.ഇ /തസ്വഭവ/ കെഡി എൻഡി/20-21 | 7.01.21 | 21.01.21 | 28.01.21 | 120000/- | 1200 |
| 170/21 കടനാട് ലൈബ്രറി നവീകരണം | അഗസ്റ്റിൻ ജോസഫ് | 61/എ.ഇ /തസ്വഭവ/ കെഡി എൻഡി/19-20 | 16.12.19 | 31.12.20 | 09.1.20 | 2,00,000/- | 2000/- |
| 147/21കാഞ്ഞിരമ്മല വില്യം കോളനി റോഡ് കോൺക്രീറ്റിങ്ങ് | ഗോപികാകൃഷ്ണൻ | 64/എ.ഇ /തസ്വഭവ/ കെഡി എൻഡി/20-21 | 16.12.19 | 1.01.20 | 09.01.20 | 2,00,000- | 2000/- |
| 126/21വല്യാത്ത് കിഴക്കേക്കര പാലസ് റോഡ് | റോണികര്യാക്കോസ് | 33/എ.ഇ /തസ്വഭവ/ കെഡി എൻഡി/20-21 | 07.11.20 | 22.11.20 | 22.01.21 | 3,90,000 | 3900/- |
| 160/21മാനത്തൂർ | അഗസ്റ്റിൻ ജോസഫ് | 63/എ.ഇ | 16.12.19 | 30.12.19 | 09.1.20 | 260000 | 2600/- |

| | | | | | | | |
|---|---|---|---|---|---|---|---|
| മുല്ലമറ്റം റോഡ് നവീകരണം | | /തസ്വഭവ/ കെഡി എൻഡി/19-20 | | | | | |
| ആകെ | | | | | | 11500 | |

നിയമാനസ്യതമുള്ള പിഴയായ പി.എ.സി തുകയുടെ 1% ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

## 1-35 വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതിയിൽ അപാകങ്ങൾ

പ്രോജക്റ്റ് നം -18/20-21

അടങ്കൽ -4,87,200/-

വിഭാഗം-ജനറൽ

2020-21 വർഷം അസിസ്ററന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പദ്ധതിയിൽ കട്ടിൽ വിതരണത്തിൽ വന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു. പദ്ധതിയിൽപ്പെടുത്തി കേരളാ ആർട്ടിസാൻ ഡെവലപ്പമെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 4275/-രൂപ നിരക്കിൽ നാല് ഇൻവോയ്സുകളിലായി ആകെ 99 കട്ടിലുകൾ വാങ്ങി. .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം | കട്ടിലിന്റെ എണ്ണം | തുക |
|---|---|---|
| SRO/20-21/27 4/11/20 | 50 | 2,13,728/- |
| SRO/20-21 /293/3/21 | 48 | 2,05,178/- |
| SRO/20-21 /673/3/21 | 1 | 4275/- |
| ആകെ | 99 | |

എന്നാൽ 97 കട്ടിലുകൾ വിതരണം ചെയ്തതിന്റെ വിതരണ വിവരം മാത്രമാണ് ലഭ്യമാക്കിയത്. ബാക്കി വന്ന 2 കട്ടിലുകൾ വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

കട്ടിൽ വിതരണം നടത്തിയതിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതിന്റെ രസീത് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | വാർഡ് നം | രജിസ്ററിലെ ക്രമനം, ഗുണഭോക്താക്കളുടെ പേര് |
|---|---|---|
| 1 | 1 | ക്രമനം 3സരോജിനി മാത്യു |
| 2 | 4 | ക്രമനം 3 സാവിത്രി പാണ്ടിപ്പാറയിൽ |
| 3 | 10 | ക്രമനം 5 സരോജിനി തോരണത്തുങ്കൽ |
| 4 | 11 | ക്രമനം 5 ചിന്നമ്മ നെല്ലിത്താനത്ത് |

മേൽ വിവരിച്ച ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതിന്റെ രസീത് ലഭ്യമാക്കേണ്ടതാണ്.

20-21 വർഷം കട്ടിൽ വിതരണ പദ്ധതിക്കായി അപേക്ഷ സമർപ്പിച്ചവരിൽ തെരെഞ്ഞെടുത്തവരുടെ അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപേക്ഷകൾ,കൈപ്പറ്റ് വിവരം, വിതരണവിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന്(11/01.02.2021) മറുപടി ലഭ്യമാക്കിയില്ല. സാഹചര്യത്തിൽ അവശേഷിക്കുന്ന കട്ടിലുകൾ വിതരണം ചെയ്ത് ആയതിന്റെ വിവരവും അപേക്ഷകളും കൈപ്പറ്റ് രസീതുകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 418906/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-36 അടുക്കളമുറ്റത്തെ കോഴി വളർത്തൽ- ധനവിനിയോഗം, വിതരണ വിവരം എന്നിവ ലഭ്യമാക്കാത്തത് -ചെലവ് തടസ്സം

പ്രോജക്റ്റ് നം -11/20-21
ഫണ്ട് വികസന ഫണ്ട് -2,98,341/-
തനത് ഫണ്ട് -3,98,059/-
ഗുണഭോക്തൃവിഹിതം- 2,61,150/-
ആകെ -9,57,550/-
ബിൽനം-04/20-21 തീയതി 26.04.20 2,98,341/-
പ്രോജക്റ്റ് നം -എസ് ഒ143/20-21
ഫണ്ട് വികസന ഫണ്ട് -128975/-
ബിൽനം-02/20 -21തീയതി 20.04.20 1,28,975/-

വെറ്റിനറി സർജൻ 20-21ൽ നിർവ്വഹണം നടത്തിയ അടുക്കളമുറ്റത്തെ കോഴി വളർത്തൽ എന്ന പദ്ധതിയിൽ വെള്ളാംകണ്ടത്തിൻ പൗൾടി ഫാമിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം നടത്തി. കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെയും സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. വികസന ഫണ്ട് 128975/-രൂപ സ്പിൽ ഓവർ പദ്ധതിക്കായി ചെലവഴിച്ചതി ന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല. ചെലവ് പത്രിക പ്രകാരമുള്ള ഗുണഭോക്തൃവിഹിതം,തനത്ഫണ്ട് എന്നിവയുടെ ചെലവ് വിവരം അടങ്ങിയ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

| ഇൻവോയ്സ് നം | കോഴികളുടെ എണ്ണം | നിരക്ക് | തുക |
|---|---|---|---|
| ഇല്ല-21/09/2020 | 3720 | 110 | 416900/- |
| 7-07/10/2020 | 1855 | 110 | 204050/- |
| ഇല്ല-18/11/2020 | 750 | 110 | 82500/- |
| ഇല്ല-6/04/20 | 2310 | 110 | 254100/- |
| ആകെ | 8705 | | 9,57,550/- |

ആകെ വാങ്ങിയ 8705 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന്റെയും ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. വിനിയോഗവിവരം ലഭ്യമാക്കാത്തപക്ഷം ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നതായിരിക്കും എന്നറിയിക്കുന്ന അന്വേഷണക്കുറിപ്പിന് (നം.31/06.12.2021) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 9,57,550/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.വിനിയോഗവിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-37 പഠനോപകരണങ്ങൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ 30/21, 2020-21 |
| അടങ്കൽ | 105,520/- വികസന ഫണ്ട്(എസ്.സി.പി.) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്(ഗവ. എൽ.പി.എസ്.-കടനാട്) |

| | |
|---|---|
| ചെലവ് | 95,007/- (ബിൽ നം.2/2020-21/10.03.2021) |
| നിർവ്വഹണ ഏജൻസി | Kerala Artisans' Development Corporatin Ltd(KADCO),Southern Regional Office, Chinnakkada, Kollam-691001. |

എസ്.സി. വിദ്യാർത്ഥികൾക്ക് മേശയും(Steel Study Table-3X1.5 Feet), സ്റ്റീൽ കസേരയും ഉൾപ്പെടെ പഠനോപകരണ യൂണിറ്റ് വിതരണത്തിനായി തയ്യാറാക്കിയ പ്രോജക്റ്റിൽ KADCO-ൽ നിന്നാണ് പഠനോപകരണങ്ങൾ വാങ്ങിയത്. 19 യൂണിറ്റിന് 5,000/- രൂപ നിരക്കിൽ 95,007/- രൂപ ചെലവഴിച്ചു (ഇൻവോയ്സ് നം.SRO/20-21/68 തീയതി 03/03/2021). 2020-21 ലെ ഹെഡ്മിസ്ട്രസ് നടപ്പാക്കിയ പ്രോജക്ടുകളുടെ അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം(പേജ് നം.49,50) 16 വിദ്യാർത്ഥികളാണ് പഠനോപകരണം കൈപ്പറ്റിയത്. മൂന്ന് യൂണിറ്റ് പഠനോപകരണങ്ങൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു. വാങ്ങിയ പഠനോപകരണങ്ങൾ മുഴുവനും വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.7/2020-21 /30.11.2021) നൽകിയിരുന്നു. ഗുണഭോക്താക്കൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ ഹാജരാക്കുന്നതിലെ കാലതാമസം മൂലമാണ് മൂന്ന് യൂണിറ്റ് പഠനോപകരണങ്ങൾ വിതരണം ചെയ്യാതിരുന്നതെന്നും ഉടൻതന്നെ വിതരണം പൂർത്തീകരിക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. പഠനോപകരണ വിതരണം പൂർത്തിയാക്കി രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന ഉപകരണങ്ങളുടെ മൂല്യം 15,000/- രൂപ(5000X3) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-38 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

2020-21 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും വാട്ടർ അതോറിറ്റിയിലും തുക ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണം(46/21) | 140,000/- | 0 | 140,000/- |
| കെ.എസ്.ഇ.ബി. | ട്രാൻസ്ഫോർമർ സ്ഥാപിക്കൽ (81/21) | 143,345/- | 0 | 143,345/- |
| | | 283345 | | 283345 |

വിനിയോഗ വിവരങ്ങൾ, പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കാക്കതിനാൽ ഈ ഇനത്തിൽ ചെലഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 07/06/2021-ലെ 1/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 26/11/2021-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 ൽ സംയുക്ത പ്രോജക്ടിനായി ളാലം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ളാലം | 2020-21 | 200,000/- | ലൈഫ് ഭവനപദ്ധതി-എസ്.സി. (37/21) | 200,000/- | 0 |
| | 2020-21 | 100,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(22/21) | 100,000/- | 0 |
| | 2020-21 | 300,000/- | ജലനിധി പദ്ധതി(155/21) | 300,000/- | 0 |
| | 2020-21 | 187,000/- | ചാത്തൻകുന്ന് എസ്.റ്റി. കോളനി സാംസ്കാരിക നിലയം നവീകരണവും കിണർ അറ്റകുറ്റപ്പണിയും(165/21) | 187,000/- | 0 |
| ആകെ | | 787,000/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 787,000/- | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2020-21 | 421,360/- | ലൈഫ് ഭവനപദ്ധതി-ജനറൽ (36/21) | 421,360/- | 0 |
| | 2020-21 | 250,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 250,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | കുട്ടികൾക്ക് സ്കോളർഷിപ്പ്(22/21) | | |
| | 2020-21 | 500,000/- | ജലനിധി പദ്ധതി(155/21) | 500,000/- | 0 |
| ആകെ | | 1,171,360/- | ജില്ല പഞ്ചായത്ത് വിഹിതം | 1,171,360/- | 0 |

സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ വിനിമയം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(എ.സി.ആർ.) സൂക്ഷിച്ചിട്ടില്ല. കൃത്യമായ അനുബന്ധരേഖകളുടെ അഭാവത്തിൽ സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗത്തിന്റെ ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. ഓരോ ഗ്രാന്റ്/വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന് എ.സി.ആർ. കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും വാട്ടർ അതോറിറ്റിയിലും അനെർട്ടിലും ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണം(46/21) | 140,000/- | 0 | 140,000/- |
| കെ.എസ്.ഇ.ബി. | ട്രാൻസ്ഫോർമർ സ്ഥാപിക്കൽ (81/21) | 143,345/- | 0 | 143,345/- |
| അനെർട്ട് | വിവിധ വാർഡുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ(142/21) | 805,000/- | 0 | 805,000/- |

നിക്ഷേപ പ്രവൃത്തികൾക്കുള്ള മുൻകൂറായി നൽകിയ തുകകൾ നിക്ഷേപ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തിട്ടില്ല. ആയതിനാൽ റിസീറ്റ് & പേമെന്റ് പത്രിക RP-47 ലും വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത നിക്ഷേപം 31/03/2021 ലെ ബാലൻസ് ഷീറ്റിലും പ്രതിഫലിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്കുള്ള തുക നിക്ഷേപ മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുമ്പോൾ മാത്രം സുസ്ഥിര ആസ്തിയോ ചെലവോ ആയി ക്രമീകരിക്കേണ്ടതായിരുന്നു. നിക്ഷേപ പ്രവൃത്തികളിലെ അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2020-21 വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിരുന്നു. ടി തുക അഡ്വാൻസ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതാണ്.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

EMS ഭവന പദ്ധതി വായ്പ തിരിച്ചടയ്ക്കാനുള്ള ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ്

174,973/- രൂപ വായ്പ അക്കൗണ്ട് മുൻവർഷത്തിൽ ക്ലോസ് ചെയ്ത ശേഷവും നിലനിൽക്കുന്നത് വിശദീകരിക്കപ്പെട്ടിട്ടില്ല. 2020-21 വർഷം പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 7,575,154/- | 200,000/- | 599,725/- | - | 7,175,459/- |

സെക്രട്ടറിയുടെ 231/21, 234/21 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(General) നിന്നും 526,588/- രൂപയും 232/21, 235/21 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(SCP) യിൽ 43,882/- രൂപയും 233/21,236/21 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(TSP) യിൽ 29,255/- രൂപയും എന്നിങ്ങനെ ആകെ 599,725/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. ധനകാര്യ പത്രിക പ്രകാരം 30/- രൂപയുടെ വ്യത്യാസം തിരിച്ചടവ് തുകയിൽ നിലനിൽക്കുന്നു. വായ്പ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. KURDFC വായ്പ ആരംഭിച്ചത് മുതലുള്ള രജിസ്റ്റർ തയ്യാറാക്കി ഓരോ സാമ്പത്തിക വർഷത്തെയും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരമുള്ള 2020-21 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 471,510/- |
| തൻവർഷം നിക്ഷേപിച്ച തുക(FD പലിശ) | 38,898/- |
| ആകെ | 510,408/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2020-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 510,408/- |

സ്ഥിരനിക്ഷേപം പലിശ മുതലിൽ ചേർത്ത് പുതുക്കുകയാണ് ചെയ്യുന്നത്. 2020-21 വർഷം സ്ഥിരനിക്ഷേപത്തിൽ നിന്ന് ലഭിച്ച പലിശ 38,898/- രൂപ മുതലിൽ ചേർത്തത് സാംഖ്യയിൽ ജേർണൽ വൌച്ചറിലൂടേ അക്കൌണ്ട് ചെയ്തില്ല. ആയതിനാൽ സ്ഥിരനിക്ഷേപത്തിന്റെ ആകെ മൂല്യമായ 510,408/- രൂപ 31/03/2021 ലെ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല. സ്ഥിരനിക്ഷേപത്തിന്റെ ബാങ്ക്, FD അക്കൗണ്ട് നമ്പർ എന്നിവ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | The Kadanad SCB Ltd No.K2 |
| ബാങ്ക് ശാഖ(കോഡ്) | കടനാട് |
| എഫ്. ഡി. അക്കൌണ്ട് നം. (4 അക്കൌണ്ടുകൾ) | 5946/K, 5947/K, 5948/K, 5949/K |

## 4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കടനാട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

കടനാട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്ജ്/സർച്ചാർജ്ജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നം./ തീയതി | ഖണ്ഡിക നം. | തുക | ഉദ്യോഗസ്ഥന്റെ പേരും വിലാസവും |
|---|---|---|---|---|
| 2009-10 & 2010-11 | എൽഎഫ്.കെ.പി7/991/12 തീയതി-11/01/2013 | 3-5ബി | 17,806/- | ശ്രീ.ജോഷി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ, ചെത്തിമറ്റത്തിൽ വീട്, വഞ്ചിമല പി.ഒ., കാഞ്ഞിരപ്പള്ളി-686508. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 78,936,704/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61,814,614/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2479801/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 805,000/- | മനോജ് കെ., സെക്രട്ടറി |
| 1-35 | 418906/- | പോൾ ബി. സാമുവൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-36 | 957,550/- | ഡോ. സുനിൽ വി. ബി., വെറ്റിനറി സർജൻ |

| | | |
|---|---|---|
| 1-37 | 15,000/- | സുജാത വി. ബി., ഹെഡ്മിസ്ട്രസ് |
| 1-38 | 283,345/- | അനിൽകുമാർ ഡി., സെക്രട്ടറി |
| ആകെ | 2,479801/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-21,1-22,1-31

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/11/2021 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1976-77 | എൽ.എഫ്.കെ.പി2/3428/P7/78 /16.01.1979 | 5 |
| 1977-78 | എൽ.എഫ്.കെ.പി5-335/80 /16.04.1980 | 5 |
| 1978-79 | എൽ.എഫ്.കെ.പി5-2655/80 /06.12.2081 | 5 |
| 1980-81 | എൽ.എഫ്.കെ.പി5-1766/82 /29.01.1983 | 5 |
| 1998-99 | കെഎസ്എ.കെടിഎം.പി7/183(1)/19/ 10.01.2020 | 3 |
| 2000-01&2001-02 | കെഎസ്എ.കെടിഎം.പി.7/706 /03/10.01.2005/02.02.2005 | 12 |
| 2003-04 | കെഎസ്എ.കെടിഎം.പി7/183(37) /2019/ 10.01.2020 | 5 |
| 2004-05 | കെഎസ്എ.കെടിഎം.പി7/183 /2019/ 02.06.2020 | 4 |
| 2005-06 | കെഎസ്എ.കെടിഎം.പി7/183 /2019/ 24.04.2020/02.06.2020 | 3 |
| 2006-07 | കെഎസ്എ.കെടിഎം.പി7/183 /2019/ 24.04.2020/02.06.2020 | 3 |
| 2007-08 | കെഎസ്എ.കെടിഎം.പി7/183 /2019/ 24.04.2020/02.06.2020 | 7 |

| | | |
|---|---|---|
| 2008-09 | കെഎസ്എ.കെടിഎം.പി7/183 /2019/ 04.05.2020/02.06.2020 | 4 |
| 2009-10&2010-11 | കെഎസ്എ.കെടിഎം.പി7/183 /2019/ 25.05.2020/11.06.2020 | 18 |
| 2011-12 &2012-13 | കെഎസ്എ.കെടിഎം.പി7/183 /2019/ 29.07.2020 | 11 |
| 2013-14&2014-15 | കെഎസ്എ.കെടിഎം.പി7/183 /2019/ 26.05.2020/02.06.2020 | 14 |
| 2015-16 | കെഎസ്എ.കെടിഎം.പി7/183 /2019/ 26.05.2020/03.06.2020 | 5 |
| 2016-17 | കെഎസ്എ.കെടിഎം.പി7/183 /2019(11)/ 03.09.2020 | 6 |
| 2017-18 | കെഎസ്എ.കെടിഎം.പി7/46 /2020/ 25.05.2020 | 8 |
| 2018-19 | കെഎസ്എ.കെടിഎം.പി7/45 /2020/ 22.04.2020/29.05.2020 | 30 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്